**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6449. 08.07.2014 ൽ മറുപടിയ്ക്ക്.

ലോറികളുടേയും ടിപ്പറുകളുടേയും സഞ്ചാരസമയ നിയന്ത്രണം

| ചോദ്യം<br>ശ്രീ. കെ.എൻ.എ. ഖാദർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂളുകൾക്ക് സമീപം പ്രവർത്തിക്കുന്ന പാറമടകളിൽ നിന്നും നിർമ്മാണ സാമഗ്രികളുമായി പോകുന്ന ലോറികളുടേയും ടിപ്പറുകളുടേയും സഞ്ചാര സമയം നിയന്ത്രിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ; | (എ) | ഇല്ല. എന്നാൽ, എല്ലാത്തരം ടിപ്പറുകളുടേയും സഞ്ചാര സമയം പൊതുവിൽ എല്ലാ സ്ഥലത്തും നിയന്ത്രിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ട്. |
| (ബി) | ഉത്തരവുകൾ നിലവിലുള്ളപക്ഷം അതിനവിരുദ്ധമായി പ്രവർത്തിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ബി) | ടിപ്പറുകൾ പൊതുവായ സമയ നിയന്ത്രണം പാലിക്കുന്നില്ലെന്ന ഒറ്റപ്പെട്ട പരാതികൾ ഗതാഗത കമ്മീഷണറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കാനായി ഇത്തരം വാഹനങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദീകരിക്കാമോ ? | (സി) | 1. 17.02.2014 ലെ സ. ഉ. (പി) നമ്പർ 13/2014/ഗതാ ഉത്തരവ് പ്രകാരം ടിപ്പർ ലോറികളുടെ ഗതാഗതം രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും നിരോധി ച്ചിട്ടുണ്ട്.<br>2. മേലുത്തരവ് കർശനമായി നടപ്പിൽ വരുത്തുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.<br>3. ടിപ്പർ ലോറികളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി ടിപ്പർ ലോറികൾക്ക് സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കി യിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4. സമയ നിയന്ത്രണ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിൻമേൽ കർശന നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.